ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) രജിസ്റ്റർ ചെയ്ത് ഒരുവർഷം കഴിഞ്ഞ എല്ലാ വാഹനങ്ങൾക്കും പുക പരിശോധന നിർബന്ധമാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമായതരം വാഹനങ്ങൾക്ക് പുക പരിശോധന നടത്തിയ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറുള്ളൂ.

(സി) ചില പുക പരിശോധനാ കേന്ദ്രങ്ങൾ വ്യാജ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് പരിശോധനയ്ക്ക് വിധേയമാകുന്ന വാഹനങ്ങളുടെ ഫോട്ടോ പതിച്ച കമ്പ്യൂട്ടർവൽകൃത സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നിബന്ധനകൾ സർക്കാർ ഏർപ്പെടുത്തിയത്. വാഹന പരിശോധനാ രവളയിൽ പുക പരിശോധനാ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. പരിശോധന കൂടാതെ സർട്ടിഫിക്കറ്റുകൾ നൽകുന്ന പരിശോധനാ കേന്ദ്രങ്ങൾക്കെതിരെയും നടപടി സ്വീകരിക്കാറുണ്ട്.

ജിമ്മിലൂടെ ആരംഭിച്ച പദ്ധതികൾ

*11 [452] ശ്രീ. ബിനോയ് വിശ്വം

,, കെ. പി. രാജേന്ദ്രൻ:

,, മാങ്കോട് രാധാകൃഷ്ണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ജനുവരിയിൽ നടന്ന ജിമ്മിൽ ഒപ്പുവച്ച ധാരണാ പത്രങ്ങളിൽ എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ജിമ്മിൽ ഒപ്പുവച്ച പദ്ധതികളിൽ ഏതെല്ലാമാണ് പിൻവലിച്ചതെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കേരളത്തിലെ വ്യവസായ വികസനത്തിന് ഏതെല്ലാം മേഖലകളിലാണ് മുതൽ മുടക്കേണ്ടതെന്ന് പ്രത്യേക പഠനം നടത്തിയത് ആരാണെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യവസായ മേഖലയിലെ മാന്ദ്യം സംസ്ഥാനത്തിന്റെ വികസനത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത് കണക്കിലെടുത്ത് നിലവിലുള്ള വ്യവസായ നയത്തിലും ഐ. റ്റി. നയത്തിലും മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ജില്ലയിൽ ഒപ്പുവച്ച ധാരണാ പത്രങ്ങളിൽ വ്യവസായ വകുപ്പിന്റെ 13 പദ്ധതികളാണ് ഇതിനോടകം ആരംഭിച്ചിട്ടുള്ളത്.

(ബി) പദ്ധതികൾ ഒന്നും പിൻവലിച്ചിട്ടില്ല.

(സി) ജില്ലയിലെ ഐ.ടി. വ്യവസായ സാധ്യതകൾ കണക്കിലെടുത്ത് ഇൻഫോപാർക്കിന്റെ മാതൃകയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ജില്ലയിൽ ഐ.ടി. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാധ്യതയുള്ള പദ്ധതികളുടെ രൂപരേഖകൾ തയ്യാറാക്കുന്നതിനായി കെ. എസ്. ഐ. ഡി. സി. ചുമതലപ്പെടുത്തിയിരുന്നു.

(ഡി) വ്യവസായ ഐ. റ്റി. നയങ്ങൾ കാലോചിതമാണ് എന്നാണ് സർക്കാർ കരുതുന്നത്.

ഓട് വ്യവസായം

*12 [453] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. എൻ. എ. ഖാദർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓട് വ്യവസായം വിവിധ കാരണങ്ങളാൽ തകർച്ചയുടെ വക്കിലെത്തിനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഷ്ടംമൂലം അടച്ചുപൂട്ടേണ്ട സ്ഥിതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന പ്രസ്തുത വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടിയെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) മണ്ണെണ്ണ പെർമിറ്റ് നിർത്തലാക്കുകയും, ഓപ്പൺ മാർക്കറ്റിൽ ആവശ്യത്തിന് മണ്ണെണ്ണ ലഭ്യമല്ലാതാവുകയും ചെയ്തതിനാൽ പ്രസ്തുത വ്യവസായം നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ലെന്ന കമ്പനി ഉടമകളുടെ പരാതി കണക്കിലെടുത്ത് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് മണ്ണെണ്ണ പെർമിറ്റ് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ വ്യവസായത്തെ പീഡിത വ്യവസായങ്ങളിലുൾപ്പെടുത്തി സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly